നമ്പർ : 1313/പി1/2016 09-02-2017

<u>ഇറ്റ്ഫോക്ക് പത്രക്കുറിപ്പ് :</u>

## കേരള സംഗീത നാടക അക്കാദമി
## 9-ാം മത് രാജ്യാന്തര നാടകോത്സവം
## ഓൺലൈൻ രജിസ്ട്രേഷൻ 13 ന് തുടങ്ങും

2017 ഫെബ്രുവരി 20 മുതൽ 28 വരെ തൃശൂരിൽ നടക്കുന്ന അന്തർദ്ദേശീയ നാടകോത്സവത്തിന്റെ ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് ഫെബ്രുവരി 13-ാം തീയതി 10 മണി മുതൽ ***www.theatrefestivalkerala.com*** എന്ന വെബ്സൈറ്റിൽ ലഭ്യമാവുന്നതാണ്. മൊത്തം ടിക്കറ്റിന്റെ 30 ശതമാനം മാത്രമാണ് ഓൺലൈനിലൂടെ വിതരണം ചെയ്യുന്നത്. ഒരാൾക്ക് ഒരു ദിവസം ഏതെങ്കിലും മൂന്ന് അവതരണങ്ങളുടെ ടിക്കറ്റ് മാത്രമേ ബുക്ക് ചെയ്യാൻ കഴിയുകയുള്ളൂ. ഒരു നാടകത്തിന്റെ പരമാവധി രണ്ട് ടിക്കറ്റുകളാണ് ഒരാൾക്ക് ഓൺലൈനിൽ ലഭ്യമാവുക. ഓൺലൈൻ ബുക്ക് ചെയ്തവർക്കുള്ള ടിക്കറ്റുകൾ അക്കാദമി ഓഫീസിൽ നിന്ന് ഫെബ്രുവരി 18-ാം തീയതി രാവിലെ 11 മണി മുതൽ ലഭ്യമാകുന്നതാണ്. നാടകങ്ങൾ തുടങ്ങുന്നതിന് അരമണിക്കൂർ മുൻപെങ്കിലും ടിക്കറ്റുകൾ കൈപ്പറ്റേണ്ടതാണ്. അല്ലാത്തപക്ഷം ഓൺലൈൻ ബുക്കിംഗ് ക്യാൻസൽ ആകുന്നതായിരിക്കും. പത്തിലധികം വേദികളിലായി നടക്കുന്ന ഇറ്റ്ഫോക്ക് 2017 ൽ ഭരത് മുരളി തിയേറ്റർ, കെ.ടി. മുഹമ്മദ് സ്മാരക തിയേറ്റർ, തോപ്പിൽ ഭാസി ബ്ലാക്ക് ബോക്സ് തിയേറ്റർ, സിം തിയേറ്റർ എന്നീ നാല് വേദികളിലെ അവതരണത്തിനു മാത്രമേ ടിക്കറ്റ് നിയന്ത്രണമുള്ളൂ. അവശേഷിക്കുന്ന വേദികളിലേക്ക് പ്രവേശനത്തിന് ടിക്കറ്റിന്റെ ആവശ്യമില്ല.

സെക്രട്ടറിക്ക് വേണ്ടി,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.